LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാൻ നടപടി

126 [2560] *ശ്രീ. പി. കെ. കെ. ബാവ:*

,, *കെ. എൻ. എ. ഖാദർ:*

,, *സി. മമ്മൂട്ടി:*

,, *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ആരോഗ്യവകുപ്പിലെ ആവശ്യങ്ങൾക്കനുസരിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് യാതൊരു തടസ്സവുമില്ല. എന്നാൽ ഇപ്പോൾ ലെപ്രസി വിഭാഗത്തെ വാനിഷിംഗ് കാറ്റഗറി ആയി പ്രഖ്യാപിച്ച് നിലവിലുള്ള ഈ വിഭാഗം ജീവനക്കാരെ ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചു നിലനിർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിനാൽ ഒഴിവുള്ള ലെപ്രസി ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം നടത്താൻ സാധിക്കുകയില്ല.

ഡോക്ടർമാരുടെ ഒഴിവുകൾ

127 [2561] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ആരോഗ്യവകുപ്പിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരെ നിയമിച്ചു; ഇപ്രകാരം നിയമിച്ചവരിൽ എത്രപേർ അവധിയെടുത്ത് പോയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

1269 അസിസ്റ്റന്റ് സർജൻമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ 40 പേർ ഹ്രസ്വ കാലത്തേക്കുള്ള അവധിയെടുത്ത് പോയിട്ടുണ്ട്. കൂടാതെ, 385 പേർ ഉപരി പഠനത്തിനുവേണ്ടി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച്

കിട്ടുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതുകൂടാതെ 8 ഡെന്റൽ അസിസ്റ്റന്റ് സർജൻമാരെയും നിയമിച്ചിട്ടുണ്ട്. ഇതിൽ 2 പേർ ഉപരിപഠനത്തിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകിട്ടുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ സേവനം സംബന്ധിച്ച് പഠന റിപ്പോർട്ട്

128 [2562] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡോക്ടർമാരുടെ സേവനം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച വൺമാൻ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ശുപാർശകൾ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

(സി) ഉണ്ട്.

(ഡി) ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സ്പെഷ്യാലിറ്റി കേഡർ 7-4-1995-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 325/95/41 (ഫിൻ) പ്രകാരം 100 കിടക്കകളിൽ അധികം കിടത്തി ചികിത്സാസൗകര്യങ്ങളുള്ള 96 ആശുപത്രികളിൽ നിലവിൽവന്നു. ഈ സംവിധാനം അനുസരിച്ച് 28-5-2002-ലെ പുതുക്കിയ ഉത്തരവ് (എംഎസ്.) നം. 120/02/ആകുവ.പ്രകാരം 100 കിടക്കകളിലധികം ചികിത്സാ സൗകര്യമുള്ള 96 ആശുപത്രികളിൽ ഒഴിവുവരുന്ന ജൂനിയർ സ്പെഷ്യലിസ്റ്റിന്റെയും സീനിയർ സ്പെഷ്യലിസ്റ്റിന്റെയും തസ്തികകൾ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെക്കൊണ്ടു മാത്രമേ നികത്താറുള്ളു. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 375 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾ ജി. ഒ. (പി) നം. 28/05/ആകുവ. തീയതി 5-2-2005 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly